LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം

24 (773) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സ്ഥലത്തും പൊതുമരാമത്ത് റോഡുകൾക്കിരുവശവും സാധന സാമഗ്രികൾ കൂട്ടിയിട്ടിട്ടുള്ളതിനാൽ ഗതാഗതത്തിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റോഡിനിരുവശവും സാധന സാമഗ്രികൾ കൂട്ടിയിട്ടിട്ടുള്ളതിനാൽ ചില റോഡുകളിൽ ഗതാഗതത്തിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സാധന സാമഗ്രികൾ നീക്കംചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

എല്ലാ റോഡുകളും ചുമതലയുള്ള എഞ്ചിനീയർമാർ പതിവായി പരിശോധിക്കാറുള്ളതും ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ നീക്കം ചെയ്യുന്നതിന് നടപടി എടുക്കാറുള്ളതുമാണ്. ഇവ നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകുകയും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) നോട്ടീസ് നൽകിയിട്ടും ഇത്തരത്തിൽ വീണ്ടും സാധന സാമഗ്രികൾ കൊണ്ടിടുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം ചെറുക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് നോട്ടീസ് നൽകുകയും ആയത് ഒഴിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകൾ

25 (774) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ പ്രഖ്യാപിച്ച കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള പ്രധാന റോഡുകളുടെ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;